കേരള സർക്കാർ

<u>സംഗ്രഹം</u>

**നികുതി വകുപ്പ് — എക്സൈസ് - 2014-15-ലെ മദ്യനയം പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**നികുതി (ജി) വകുപ്പ്**

**ജി.ഒ. (എം.എസ്) നം.139/2014/നി.വ. തിരുവനന്തപുരം, തീയതി 22/08/2014.**

പരാമർശം:-
1. 17-08-2011-ലെ ജി.ഒ. (എം.എസ്) നം.107/2011/നി.വ. ഉത്തരവ്.
2. 19-07-2012-ലെ ജി.ഒ. (എം.എസ്) നം.130/2012/നി.വ. ഉത്തരവ്.
3. 27-07-2013-ലെ ബഹു. കേരള ഹൈക്കോടതിയുടെ W.A. No.470/12 കേസിലെ വിധിന്യായം.
4. 23-01-2013-ലെ ജി.ഒ. (എം.എസ്) നം.12/2013/നി.വ. ഉത്തരവ്.
5. 04-03-2013-ലെ ജി.ഒ. (എം.എസ്) നം.28/2013/നി.വ. ഉത്തരവ്.
6. 05-03-2014-ലെ ബഹു. സുപ്രീം കോടതിയുടെ C.A. No.3196-3198/2014 കേസിലെ വിധി
7. ഏകാംഗ കമ്മീഷൻ ജസ്റ്റിസ് ശ്രീ. എം. രാമചന്ദ്രൻ 06-03-2014-ന് സമർപ്പിച്ച റിപ്പോർട്ട്.
8. 12-02-2014-ലെ ജി.ഒ. (എം.എസ്) നം.22/2014/നി.വ. ഉത്തരവ്.
9. 02-04-2014-ലെ ജി.ഒ. (എം.എസ്) നം.56/2014/നി.വ. ഉത്തരവ്.
10. W.P. (C) 10006/2014 കേസിലെ 09-07-2014-ലെ വിധിന്യായം.
11. W.P. (C) 23235/2013 കേസിലെ 19-06-2014-ലെ വിധിന്യായം.
12. W.P. (C) 11964/2014 കേസിലെ 08-07-2014-ലെ ഉത്തരവ്.
13. 14-08-2014-ലെ W.A. No.1121/14-ലെ ഇടക്കാല ഉത്തരവ്.
14. 18-08-2014-ലെ 19929/ജി1/2014/നിവ. നമ്പർ സർക്കാർ കത്ത്.

<u>**ഉത്തരവ്**</u>

കേരളീയ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഈ വിപത്തിനെതിരെ പൊതുസമൂഹ ത്തിൽ നിന്നും ഉയർന്നു വന്ന ശക്തമായ വികാരം കണക്കിലെടുത്ത് കർശന നിർദ്ദേശങ്ങളോടു കൂടിയ 2011-12 -ലേക്കുള്ള മദ്യനയം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ അതനുസരിച്ച് കൊണ്ടുവന്ന നിയമ ഭേദഗതികൾ പരാമർശം (3) അനുസരിച്ച് ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയതിനെത്തു ടർന്ന് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച 2012-13 -ലെ മദ്യനയം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാതെ വരികയും, സർക്കാർ ബഹു. സുപ്രീം കോടതിയിൽ SLP (C) 26241-26243/12 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. കൂടാതെ ഭാവിയിലെ സമഗ്ര മദ്യനയം പ്രഖ്യാപിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്ന തിന് റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി

നിയമിച്ചു കൊണ്ടും, കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ച് സർക്കാർ തീരുമാനം കൈക്കൊള്ളുന്നതുവരെ പുതിയ FL-3 ലൈസൻസുകൾ അനുവദി ക്കേണ്ടതില്ലെന്ന സുചിന്തിതമായ തീരുമാനം പരാമർശം (4) പ്രകാരം കൈ ക്കൊള്ളുകയും, പരാമർശം (5) പ്രകാരം കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ബഹു. സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്ത C.A. No.3196-3198/2014 നമ്പർ കേസുകളിലെ പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ പറയും പ്രകാരം ഉത്തര വായിരുന്നു.

"(i) The judgment rendered by the Division Bench is set-aside to the extent it interferes with the amendment brought in the year 2011. The deletion of three star hotels from the category of hotels eligible for FL3 licenses under Rule 13 (3) is held valid.

(ii) As far as the amendment brought in 2012 introducing the distance rule by way of addition of Rule (3E) in Rule 13 (3) is concerned, the same is held to be bad in law. The judgment of the Hon'ble High Court is confirmed to that extent.

(iii) The state government will not proceed to deny FL3 licences to hotels with a classification of four star and above by resorting to their deletion under rule 13 (3) until the report of the One-Man commission is received, and until it takes action against the non-standard restaurants which have been permitted under the sixth and seventh proviso of Rule 13(3)."

2. സുപ്രീം കോടതി മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 418 നിലവാരമി ല്ലാത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ളവയുടെ എഫ്.എൽ-3 ലൈസൻസുകൾ 01-04-2014 മുതൽ പുതുക്കുന്നതിന് എക്സൈസ് കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഇലക്ഷൻ കമ്മീഷൻ 05-03-2014-ന് പുറപ്പെടുവിച്ച മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കെ, 06-03-2014 -ന് ഏകാംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് മദ്യനയം പ്രഖ്യാപിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ, നിലവാരമില്ലാത്ത 418 ഹോട്ടലുകൾ ഒഴികെയുള്ള ഹോട്ടലുകളുടെ എഫ്.എൽ.-3 ലൈസൻസുകൾ ചുവടെ പറയുന്ന നിബന്ധന കൾക്ക് വിധേയമായി, താൽക്കാലികമായി പുതുക്കി നൽകുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് പരാമർശം (9) പ്രകാരം ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുണ്ട്.